ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസിയിൽ നിയമിതരായ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ സീനിയോറിറ്റി

52 (3559) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. മുഖേന ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസിയിൽ നിയമിതരായ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് സ്വന്തം ജില്ലയിലേക്ക് (പി.എസ്.സി. ഓപ്റ്റ് ചെയ്ത ജില്ല) അന്തർ വകുപ്പ് സ്ഥലം മാറ്റം ലഭിക്കുമ്പോൾ ജില്ലയിലെ വകുപ്പിൽ പ്രസ്തുത ജീവനക്കാരുടെ സീനിയോറിറ്റി ഏത് തീയതി മുതലാണ് കണക്കാക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത വിഷയത്തിൽ ജില്ലാതല ഓഫീസുകൾ ഉള്ള വകുപ്പിലെയും ജില്ലാതല ഓഫീസുകൾ ഇല്ലാത്ത വകുപ്പിലെയും ജീവനക്കാരുടെ സീനിയോറിറ്റി നിശ്ചയിക്കുന്നത് ഏത് ഉത്തരവുകൾ പ്രകാരമാണെന്ന് വിശദമാക്കുമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) നിലവിലുള്ള ചട്ടപ്രകാരം പി.എസ്.സി. മുഖേന ഹെഡ് ക്വാർട്ടേഴ്സ് ഒഴിവിൽ നിയമിതരാകുന്ന ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് അവർ Opt ചെയ്ത ജില്ലയിലേയ്ക്ക് അന്തർ ജില്ല/അന്തർ വകുപ്പ് സ്ഥലംമാറ്റം ലഭിക്കുമ്പോൾ അവരുടെ PSC advice സീനിയോറിറ്റി സംരക്ഷിച്ചു ലഭിക്കുന്നതാണ്. ഈ വ്യവസ്ഥയ്ക്ക് 21/1/2002 മുതൽ പ്രാബല്യമുണ്ട്.

(ബി) ജില്ലാതല ഓഫീസുകൾ ഉള്ള വകുപ്പിലെ Head Quarters ഒഴിവിൽ നിയമിതരാകുന്ന ജീവനക്കാർക്ക് അവർ Opt ചെയ്ത ജില്ലയിൽ അന്തർ ജില്ല സ്ഥലംമാറ്റം ലഭിക്കുമ്പോൾ സീനിയോറിറ്റി നിശ്ചയിക്കുന്നത് 21/1/2002-ലെ G.O. (P) No.1/2002/P&ARD ഉത്തരവ് പ്രകാരവും ജില്ലാതല ഓഫീസുകൾ ഇല്ലാത്ത വകുപ്പുകളിൽ Head Quarters ഒഴിവിൽ നിയമിതരാകുന്നവർക്ക് അവരുടെ Opted ജില്ലയിൽ അന്തർ വകുപ്പ് സ്ഥലംമാറ്റം ലഭിക്കുമ്പോൾ സീനിയോറിറ്റി നിശ്ചയിക്കുന്നത് 4-3-2010-ലെ G.O. (P) No.5/2010/P&ARD ഉത്തരവ് പ്രകാരവുമാണ്. ഈ ഉത്തരവിന് 21/1/2002 മുതൽ മുൻകാല പ്രാബല്യം നൽകിയിട്ടുണ്ട്.

(ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)*

---

* അനുബന്ധം ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly